LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളുടെ പ്രതിസന്ധി

83 (429) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിപണിയിൽ ഇടപെടേണ്ട സഹകരണ സ്ഥാപനങ്ങൾ സർക്കാർ സഹായം ലഭിക്കാത്തതിനാൽ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനകം അടച്ചുപൂട്ടിയ നീതിസ്റ്റോറുകളും നന്മസ്റ്റോറുകളും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സഹകരണ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് പൊതു വിപണിയിൽ വിലക്കയറ്റം സൃഷ്ടിക്കുമെന്നതു പരിശോധിച്ചിട്ടുണ്ടോ ; വിശദ മാക്കാമോ ;

(ഡി) സ്വകാര്യ മേഖലയിലെ വൻകിട റീട്ടെയിൽ കച്ചവടക്കാരെ സഹായി ക്കാനാണ് സഹകരണസ്ഥാപനങ്ങൾ തകരുന്നതരത്തിൽ നിലപാട് സ്വീകരി ക്കുന്നതെന്ന ആക്ഷേപത്തിൽ അഭിപ്രായം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കൺസ്യൂമർഫെഡറേഷൻ നേരിട്ട് നടത്തുന്ന 9 നന്മ സ്റ്റോറുകളും സംസ്ഥാനത്തൊട്ടാകെ 200 നീതി സ്റ്റോറുകളും നിർത്തലാക്കിയിട്ടുണ്ട്. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്റ്റോറുകൾ മാത്രമാണ് നിർത്തൽ ചെയ്തിട്ടുള്ളത്.

(ഡി) പൊതുവിപണിയിലിടപെടുന്നതിനും വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ നടത്തി വരുന്നത്. മറിച്ചൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വായ്പ തിരിച്ചടയ്ക്കൽ

84 (430) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വ്യക്തികൾ മാരകരോഗങ്ങൾ വന്ന് മരിച്ചാൽ വായ്പ/പലിശ/പിഴപ്പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകൾ ഇപ്പോൾ അനുവദിക്കാറുണ്ട് ; ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മാരക രോഗങ്ങൾ വന്ന് മരണപ്പെടുന്നവർക്ക് കടിശ്ശിക കൂടാതെ വായ്പ തുക അടക്കുവാൻ കഴിയാത്തതിനാൽ ഇവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ ലഭിക്കാറില്ലായെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം വായ്പക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കാത്ത സാഹചര്യത്തിൽ പുതിയ നിർദ്ദേശവും പരിഗണനയും ലഭ്യമാക്കുവാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പായും, നിക്ഷേപവായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ റിസ്ക്ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടുള്ള പക്ഷം വായ്പാ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിതള്ളാവുന്നതാണ്. വായ്പയെടുത്തശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ, തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇതിലേയ്ക്കായി വായ്പ നൽകുന്ന സംഘം/ ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പാക്കാരനിൽ നിന്ന് ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വായ്പാ വിതരണം ചെയ്യുന്ന എല്ലാ സംഘങ്ങൾ/ബാങ്കുകളും റിസ്ക്ഫണ്ട് പദ്ധതിയിൽ ചേരണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) വായ്പാക്കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാക്കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ മാത്രമേ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കാതിരിക്കുകയുള്ളൂ. പ്രസ്തുത കാലയളവിൽ കൂടുതൽ കാലാവധിയിൽ കുടിശ്ശിക വന്നാൽ അപ്രകാരമുള്ള വായ്പകൾക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുകയില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

992/2018

LIBRARY ARCHIVES Kerala Legislative Assembly

(സി) റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ള കാലയളവിലും കൂടുതൽ കാലം കടിശ്ശിക ആകുന്ന വായ്പകൾക്ക് കൂടി റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിനായി പുതിയ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ റിസ്ക് ഫണ്ട് നിയമാവലിയിലെ ക്ലാസ് 13(6) പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കേരള വികസന ക്ഷേമനിധി ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഈ നിയമവ്യവസ്ഥ പ്രകാരം അർഹതയുള്ള കേസുകളിൽ നിയമാവലിയിലെ വ്യവസ്ഥകൾക്ക് ഇളവ് അനുവദിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം നൽകുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ പരിശോധന

85 (431) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന വ്യാപകമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിനും ഇത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദായനികുതി നിയമം കേന്ദ്ര നിയമമാകയാലും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആദായനികുതി വകുപ്പിന്റെ നടപടികളായതിനാലും ഈ വിഷയം സംബന്ധിച്ച് വകുപ്പ് മന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായി കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ സമ്മേളനത്തിലും വിഷയം ചർച്ച ചെയ്യുകയുണ്ടായി. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി. 3976/2010) തീർപ്പാക്കിക്കൊണ്ട് 27-3-2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly